**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 428** **15-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർഥികൾക്ക് യാത്രാസൗജന്യം തുടരാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ വിദ്യാർത്ഥികളുടെ യാത്രാസൗജന്യം അടക്കമുള്ള ആനുകൂല്യങ്ങൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ച് വരുന്ന എല്ലാ യാത്രാസൗജന്യവും നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല.<br><br>നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിയ്ക്കുന്ന വരുമാനം ചിലവിന് പര്യാപ്തമല്ല. കെ.എസ്.ആർ.ടി.സി.യിൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് പൂർണ്ണമായും സൗജന്യ യാത്രയാണ് നൽകി വരുന്നത്. കൂടാതെ മറ്റ് വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ യാത്രയ്ക്കായി കൺസഷൻ ടിക്കറ്റും നൽകി വരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം നൽകുന്നതുമൂലം 2007-08 മുതൽ 2015-16 വരെ (Audited) 503.35 കോടി രൂപയും, 2016-17 മുതൽ 2021-22 വരെ (un-audited) 388.13 കോടി രൂപയും വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. |
| (ബി) | സ്വകാര്യ സ്കൂൾ, കോളജ് വിദ്യാർഥികൾക്ക് നൽകിവരുന്ന യാത്രാസൗജന്യവും ആദായനികുതി നൽകുന്ന രക്ഷാകർത്താക്കളുടെ കുട്ടികൾക്കുള്ള യാത്രാഇളവും നിർത്തലാക്കാൻ കെ.എസ്.ആർ.ടി.സി. തീരുമാനമെടുത്തിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം വിശദമാക്കാമോ; | (ബി) | നിലവിലെ യാതൊരുവിധ വിദ്യാർത്ഥി യാത്രാ സൗജന്യവും നിർത്തലാക്കിയിട്ടില്ല. സെൽഫ് ഫൈനാൻസ് കോളേജുകളിലെയും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലെയും BPL പരിധിയിൽ വരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യ നിരക്കിൽ കൺസഷൻ അനുവദിക്കാനാണ് കെ.എസ്.ആർ.ടി.സി. നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അൺ എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ്, സ്വാശ്രയ കോഴ്സുകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ യാത്രാ ചാർജിന്റെ 35% വും രക്ഷകർത്താവ് 35% വും കെ.എസ്.ആർ.ടി.സി. 30% വും വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | സർക്കാർ, അർദ്ധ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും സ്പെഷ്യൽ സ്കൂളുകൾ, സ്പെഷ്യലി ഏബിൾഡ് ആയ വിദ്യാർത്ഥികൾക്കും തൊഴിൽ വൈദഗ്ദ്ധ്യം നൽകുന്ന കേന്ദ്രങ്ങൾ എന്നിവയിലെ വിദ്യാർത്ഥികൾക്കും യാത്രാ സൗജന്യത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല.<br><br>കൂടാതെ സർക്കാർ അർദ്ധ സർക്കാർ കോളേജുകൾ, സർക്കാർ അർദ്ധ സർക്കാർ പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിലെ ആദായ നികുതി നൽകുന്ന സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന മാതാപിതാക്കളുടെ വിദ്യാർത്ഥികൾ ഒഴികെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കൺസഷൻ നിലവിലുള്ള രീതിയിൽ തുടർന്നതാണ്. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ പ്രസ്തുത തീരുമാനം വിദ്യാർത്ഥികളുടെ താല്പര്യത്തിന് വിരുദ്ധവും വിദ്യാഭ്യാസ അവകാശത്തെ അട്ടിമറിക്കുന്നതുമാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>നിലവിലുള്ള വിദ്യാർത്ഥി കൺസഷൻ സംവിധാനം കാലോചിതമായി പരിഷ്കരിച്ച് അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും യാത്രാ സൗജന്യം ലഭ്യമാക്കുന്നതാണ്. അർഹരായ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം നിഷേധിക്കരുതെന്ന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ